കേരള സർക്കാർ

**വിവര പൊതുജന സമ്പർക്ക വകുപ്പ്**
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കാസർകോട്
2018 നവംബർ 08 , വ്യാഴം

# പത്രക്കുറിപ്പ്

**www.prd.kerala.gov.in** **04994 255145** **dioksgd@gmail.com**

## ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82-ാ വാർഷികം; വിളംബര ജാഥയോടെ ജില്ലയിൽ ഇന്ന് തുടക്കമാകും

ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82-ാ വാർഷികാഘോഷപരിപാടികൾക്ക് വിളംബര ജാഥയോടെ കാസർകോട് ജില്ലയിൽ ഇന്ന് (നവംബർ 9) തുടക്കമാകും. ഇന്ന് വൈകിട്ട് നാലിന് കാഞ്ഞങ്ങാട് മാന്തോപ്പ് മൈതാനത്ത് നിന്ന് ആരംഭിച്ച് ബസ്സ്റ്റാൻഡ് പരിസരത്ത് സമാപിക്കുന്ന വിളംബരജാഥയിൽ എംപി, എംഎൽഎമാർ, മറ്റ് ജനപ്രതിനിധികൾ, കലാകാരന്മാർ, വിവിധ യുവജനസംഘടനകൾ, വനിതാ സംഘടന അംഗങ്ങൾ ഉൾപ്പെടെ ആയിരക്കണക്കിന് ആളുകൾ പങ്കെടുക്കും. മംഗലംകളി, ശിങ്കാരിമേളം, മുത്തുക്കുട ഉൾപ്പെടെയുള്ളവ വിളംബരജാഥയെ ആകർഷകമാക്കും.

നവംബർ 10 മുതൽ 12 വരെ കാഞ്ഞങ്ങാട് ടൗൺഹാളിലാണ് പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നത്. 10ന് രാവിലെ 10.30ന് ജില്ലാതല ഉദ്ഘാടനം റവന്യുവകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരൻ നിർവഹിക്കും. പി. കരുണാകരൻ എംപി അധ്യക്ഷനാകും. എംഎൽഎമാരായ കെ.കുഞ്ഞിരാമൻ,എൻ.എ നെല്ലിക്കുന്ന്,എം.രാജഗോപാലൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി ബഷീർ, ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബു, കാഞ്ഞങ്ങാട് നഗരസഭ ചെയർമാൻ വി.വി.രമേശൻ, നീലേശ്വരം നഗരസഭ ചെയർ

മാൻ പ്രൊഫ.കെ.പി ജയരാജൻ, എഡിഎം എൻ. ദേവീദാസ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ എം.ഗൗരി, വി.പി ജാനകി, പി.രാജൻ, ഓമന രാമചന്ദ്രൻ, സി.എച്ച് മുഹമ്മദ്കുഞ്ഞി ചായിന്റടി, എ.കെ.എം അഷ്റഫ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റു മാരായ പി.ദാമോദരൻ, സി.പ്രഭാകരൻ, ശാരദ എസ്.നായർ, പി.ഇന്ദിര, കാഞ്ഞങ്ങാട് നഗരസഭ വൈസ് ചെയർപേഴ്സൺ.എൻ. സുലൈഖ, കാഞ്ഞങ്ങാട് നഗരസഭ വാർഡ് കൗൺസിലർ എച്ച് റംഷീദ്, ഐ ആന്റ് പിആർഡി ഡെപ്യൂട്ടി ഡയറക്ടർ കെ.പി അ ബ്ദുൾ ഖാദർ, വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. മുരുകൻ കാട്ടാക്കട, ഡോ. അംബികാസുതൻ മാങ്ങാട് എന്നിവർ ഉദ്ഘാടനത്തിൽ മുഖ്യപ്രഭാഷണം നടത്തും. തുടർന്ന് സുഭാഷ് അറുകരയുടെ നാടൻ പാട്ടുകൾ ഉണ്ടാ കും.

ക്ഷേത്രപ്രവേശന വിളംബരവുമായി ബന്ധപ്പെട്ട ചിത്രപ്രദർശനം, പുരാരേഖ പ്രദർശനം, പ്രഭാഷണങ്ങൾ, സെമിനാറുകൾ, പന്തിഭോജനം, ഡോക്യുമെന്ററി പ്രദർശ നം, ക്വിസ്-ലേഖനമത്സരങ്ങൾ, കലാപരിപാടികൾ എന്നിവ നടക്കും. 1936ൽ കേരളത്തിൽ ക്ഷേത്രപ്രവേശനവുമായി ബന്ധപ്പെട്ട പ്രക്ഷോഭങ്ങൾ, അയിത്തോച്ചാടന സമരങ്ങൾ, സവർണ മേധാവിത്വത്തിനെതിരെ നടന്ന സമരങ്ങൾ, മനുഷ്യനായി പരിഗ ണിക്കുന്നതിനും അവകാശ സംരക്ഷണത്തിനുമായി നടന്ന പോരാട്ടങ്ങൾ എന്നിവയെക്കുറിച്ച് പുതുതലമുറയ്ക്ക് അറിവ് പകരുന്നതിനും ചരിത്രത്തിന്റെ പുനരാവിഷ്കാരവുമാണ് പരിപാടി ലക്ഷ്യം.

ജില്ലാ ഭരണകൂടം, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, സാംസ് കാരികം, പുരാവസ്തു- പുരാരേഖ വകുപ്പുകൾ, വിദ്യാഭ്യാസവകുപ്പ്, തുളു അക്കാദമി എന്നിവ സംയുക്തമായാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്.

11, 12 തീയതികളിൽ സെമിനാറുകൾ, പ്രഭാഷണങ്ങൾ, സാംസ്ക്കാരിക പരിപാ ടികൾ, പന്തിഭോജനം(സമൂഹസദ്യ), പൊതുജനങ്ങൾക്കും ഹൈസ്കൂൾ, ഹയർസെ ക്കൻഡറി, കോളജ് വിദ്യാർഥികൾക്കായി സംസ്ഥാനതല ക്വിസ് മത്സരങ്ങൾ, ലേഖന മത്സരങ്ങൾ എന്നിവ ഉണ്ടാകും. ഈ ദിവസങ്ങളിൽ കെ.ഇ.എൻ കുഞ്ഞഹമ്മദ്, സി.എം വിനയചന്ദ്രൻ, ഡോ.സി.ബാലൻ, ഇ.പി രാജഗോപാൽ, രവീന്ദ്രൻ കൊടക്കാട്, ഡോ.പൂമണി പുതിയറക്കൽ, വാസുചോറോട് തുടങ്ങിയവർ പങ്കെടുക്കും.

## കടൽ മണലിന്റെ ഉപയോഗം വീടിന്റെ തകർച്ചയ്ക്ക് കാരണമാവും : ജില്ലാ കലക്ടർ

ജില്ലയിൽ വിവിധയിടങ്ങളിൽ വീടുനിർമ്മാണത്തിനും മറ്റും വ്യാപകമായി കടൽമണൽ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും മണലിലെ ഉപ്പിന്റെ സാന്നിധ്യം ദ്രവീകരണത്തിന് കാരണമാവുന്നതിനാൽ വീടുകൾക്ക് ബലക്ഷയം സംഭവിച്ച് അപകടങ്ങൾക്ക് സാധ്യതയുണ്ടെന്നും ജില്ലാകളക്ടർ ഡോ. ഡി. സജിത് ബാബു പറഞ്ഞു. ഒരു ജീവിത കാലം അധ്വാനിച്ച് ലക്ഷങ്ങൾ ചെലവഴിച്ച് കെട്ടിയുയർത്തുന്ന വീടുകൾ ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ തന്നെ തകർച്ചാ ഭീഷണി നേരിടുന്നത് ഒഴിവാക്കുന്നതിനായി പൊതുജനങ്ങൾ നിർമാണ പ്രവർത്തികൾക്കായി കടൽമണൽ ഉപയോഗിക്കുന്നതിൽ നിന്നും പിന്തിരിയണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. കളക്ടറുടെ ചേംബറിൽ മാധ്യമ പ്രവർത്തകരുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

മണലിലെ ഉപ്പിന്റെ സാന്നിധ്യം കണ്ടെത്താൻ സോഡ ഉപയോഗിക്കാം. സോഡയിൽ മണൽ ചേർക്കുമ്പോൾ പതഞ്ഞു വരുകയാണെങ്കിൽ മണലിൽ ഉപ്പു സാന്നിധ്യമുണ്ടെന്ന് മനസ്സിലാക്കാമെന്ന് കളക്ടർ ചേംബറിൽ നടത്തിയ പരീക്ഷണത്തിലൂടെ വിശദീകരിച്ചു.

മണൽ ഖനനം രൂക്ഷമായ ഉളുവാർ മേഖലയിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നത് സജീവ പരിഗണനയിലാണെന്നും മണൽ മാഫിയയെ ശക്തമായി നേരിടുമെന്നും കളക്ടർ അറിയിച്ചു. കളക്ടറുടെയും ആർഡിഒയുടേയും നേതൃത്വത്തി ൽ കഴിഞ്ഞ ദിവസം രാത്രി ഉളുവാർ മേഖലയിൽ നടത്തിയ റെയ്ഡിൽ മണൽ കടത്തുമായി ബന്ധപ്പെട്ട് രണ്ട് ടിപ്പറും കാറും ബൈക്കും പിടിച്ചെടുത്തതായും ഇൻഫോർമറായി പ്രവർത്തിച്ച മൂന്നു പേരെ അറസ്റ്റ് ചെയ്യത് റിമാന്റ് ചെയ്തതായും കളക്ടർ അറിയിച്ചു. ജില്ലയിലെ മണൽ മാഫിയയെ ഇല്ലായ്മ ചെയ്യാൻ സാധ്യമായ എല്ലാ വഴികളും തേടും .വരും ദിവസങ്ങളിൽ പരിശോധന കർശനമാക്കും. ഇ-മണൽ സംവിധാനം ശക്തമാക്കാൻ പ്രളയാനന്തരം ജില്ലയിലെ പുഴകളിൽ അടിഞ്ഞു കൂടിയ മണൽ ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണനയിലാണെന്നും പറഞ്ഞു.

ജില്ലയിൽ സ്ഥാപിക്കുന്ന എയർസ്ട്രിപ്പ് നിർമാണത്തിനായി മൂന്നു സ്വാകാര്യ കമ്പനികൾ മുന്നോട്ടു വന്നതായി അദ്ദേഹം പറഞ്ഞു.പ്രധാന നഗരങ്ങളെ ബന്ധിപ്പിക്കുന്ന ഇടത്താവളമായി ഉപയോഗിക്കാവുന്ന എയർസ്ട്രിപ്പിനായി ഇരുപതോളം കുടുംബങ്ങൾ സ്ഥലം വിട്ടുകൊടുക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ജില്ലയുടെ സമഗ്ര വികസനത്തിന് പദ്ധതി തയ്യാറായിട്ടുണ്ടെന്നും കാസർകോട് നഗരത്തിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിനായി പാർക്കിങ്ങ് സംവിധാനം ഉടൻ തന്നെ നടപ്പിലാവുമെന്നും അദ്ദേഹം അറിയിച്ചു.

**ഫോട്ടോ അടിക്കുറിപ്പ്:**

**മണലിലെ ഉപ്പിന്റെ സാന്നിധ്യം കണ്ടുപിടിക്കാനുള്ള പരീക്ഷണം കളക്ടർ ഡോ. ഡി. സജിത് ബാബു വിശദീകരിക്കുന്നു**

## ഓറിയന്റേഷൻ ക്ലാസ്

ചെർക്കള ഗവൺമെന്റ് ഹയർ സെക്കറി സ്കൂളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ര ണ്ടാം വർഷ ഓപ്പൺ റഗുലർ വിദ്യാർത്ഥികൾക്കുള്ള ഓറിയന്റേഷൻ ക്ലാസ് ഈ മാസം 12 ന് രാവിലെ 9.30 മുതൽ സ്കൂളിൽ നടത്തുമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

## വെറ്ററിനറി ഡോക്ടർമാരെ നിയമിക്കുന്നു

ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിൻ കീഴിൽ മഞ്ചേശ്വരം, കാസർകോട്, കാഞ്ഞങ്ങാട്, നീലേശ്വരം പരപ്പ എന്നീ 5 ബ്ലോക്കുകളിൽ കന്നുകാലി കർഷകർക്ക് വൈകിട്ട് 6 മുതൽ രാവിലെ 6 വരെ രാത്രികാല മൃഗചികിത്സ സേവനം നൽകുന്നതിന് ഓരോ ബ്ലോക്കിലും ഓരോ വെറ്ററിനറി ഡോക്ടറെ താൽകാലികമായി നിയമിക്കുന്നു. 179 ദിവസത്തേക്ക് നിയമനം.വെറ്ററിനറി സയൻസിൽ ബിരുദവും, വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷനുമാണ് യോഗ്യത.വിരമിച്ചവർക്കും അപേക്ഷിക്കാം. അതാതു ബ്ലോക്കിന്റെ പരിധിയിലുള്ളവർക്ക് മുൻഗണന .താൽപ്പര്യമുള്ളവർ സിവിൽ സ്റ്റേഷനിലെ ജില്ലാ മൃഗസംരക്ഷണ ആഫീസിൽ ഈ മാസം 14 ന് രാവിലെ 11 ന് നടക്കുന്ന കൂടികാഴ്ചയിൽ ബന്ധപ്പെട്ട രേഖകൾ സഹിതം പങ്കെടുക്കണം.ഫോൺ. 04994 225483.

## കെൽട്രോണിൽ സ്പോട്ട് അഡ്മിഷൻ

സംസ്ഥാന സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന്റെ കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലെ നോളേജ് സെന്ററിലെ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ടെലിവിഷൻ ജേണലിസം കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാം.ഏതെങ്കിലും വിഷയത്തിൽ ബിരുദം ഉള്ളവർ, വിദ്യാഭാസ രേഖകളുമായി സെന്ററിൽ നേരിട്ട് എത്തി ഈ മാസം 25 ന് അകം അഡ്മിഷൻ എടുക്കണം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപെടുക : 8137969292, 9746798082

## കാർഷിക വികസന സമിതി യോഗം

കൽമാടിത്തോടു നവീകരണം ലക്ഷ്യമിട്ട് മധുർ,മൊഗ്രാൽപുത്തൂർ പഞ്ചായത്തുകളെ സഹകരിപ്പിച്ചുകൊണ്ട് എൻ എ നെല്ലിക്കുന്ന് എം എൽ എ പങ്കെടുക്കുന്ന കാസർകോട് മുനിസിപ്പൽ കാർഷിക വികസന സമിതിയുടെ പ്രത്യേക യോഗം കാസർഗോഡ് കൃഷിഭവനിൽ ഇന്ന്(09-11-18) രാവിലെ 10 ന് ചേരും.

## അധ്യാപക ഒഴിവ്

ഇരിയണ്ണി ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ വി.എച്ച്.എ സ്.ഇ വിഭാഗത്തിൽ നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ (എൻട്രപ്രണർഷിപ് ഡവലപ്മെന്റ് ) തസ്തികയിൽ താത്കാലിക നിയമനം നടത്തും.യോഗ്യത: എംകോം, ബിഎഡ്, സെറ്റ്.കൂടിക്കാഴ്ച നവംബർ 12 നു രാവിലെ 11 ന് . ഫോൺ: 9747300145.

## അപേക്ഷ ക്ഷണിച്ചു

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ അംഗങ്ങളായിട്ടുള്ള സ്വാശ്രയ സംഘ ങ്ങൾക്കും വനിതാ സ്വാശ്രയ സംഘങ്ങൾക്കും സ്വയംതൊഴിൽ സംരംഭം ആരംഭിക്കു ന്നതിന് ധനസഹായം നല്കുന്നതിന് അപേക്ഷ ക്ഷണിച്ചു. പത്തോ അതിൽ കൂടു തലോ പട്ടികജാതി സമൂദായ അംഗങ്ങൾ ചേർന്ന് രൂപികരിച്ച സ്വയം സഹായ സംഘ ങ്ങൾക്കോ, 80 ശതമാനമോ അതിനുമുകളിലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളാ യുട്ടുള്ള വനിത സ്വാശ്രയ സംഘങ്ങൾക്കോ അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവ രങ്ങൾക്ക് ജില്ലാ പട്ടികജാതി വികസന ആഫീസുമായോ, ബ്ലോക്ക് പട്ടികജാതി വിക സന ആഫീസുമായോ ബന്ധപ്പെടണം. അപേക്ഷകൾ ഈ മാസം 30 ന് വൈകിട്ട് അഞ്ചിനകം അതാത് ബ്ലോക്ക് പട്ടികജാതി വികസന ആഫീസുകളിൽ സമർപ്പിക്ക ണം.കൂടുതൽ വിവരങ്ങൾക്ക്-04994 256162

## ഗദ്ദിക യോഗം മാറ്റി

ഇന്ന് നടത്താനിരുന്ന (നവംബർ 9 ) ഗദ്ദിക 2018 വിവിധ സബ്കമ്മറ്റി ഭാരവാഹിക ളുടെ യോഗം ഈ മാസം 16 ലേക്ക് മാറ്റിവെച്ചു.യോഗം അന്നേ ദിവസം ഉച്ചയ്ക്ക് 12.30 ന് കളക്ട്രേറ്റ് മിനി കോൺഫറൻസ് ഹാളിൽ ചേരും.

## പത്താംതരം തുല്യത പരീക്ഷ തുടങ്ങി

സംസ്ഥാന സാക്ഷരതാമിഷൻ, പൊതു വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടത്തുന്ന പത്താതരം തുല്യതാ പരീക്ഷ ജില്ലയിൽ 15 കേന്ദ്രങ്ങളിലായി തുടങ്ങി. ആദ്യ ദിനം 726 പഠിതാക്കൾ പരീക്ഷ എഴുതി. മലയാള മാധ്യമത്തിൽ 535 പേരും 191 പേർ കന്നഡ മാധ്യമത്തിലുമാണ് പരീക്ഷ എഴുതിയത്.ആകെ ഒൻപത് വിഷയങ്ങളിലായുള്ള പരീക്ഷ നവംബർ 28 ന് അവസാനിക്കും.

## പ്രീമെട്രിക് സ്കോളർഷിപ്പ് അപേക്ഷ ക്ഷണിച്ചു.

വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പിന് ജില്ലാ പട്ടികജാതി വികസന ഓഫീസ് അപേക്ഷ ക്ഷണിച്ചു. ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിൽ പഠിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് 2018-19 വർഷത്തെ സ്റ്റൈപ്പന്റും അഡ്ഹോക്ക് ഗ്രാന്റും അനുവദിക്കും. അപേക്ഷകരുടെ ജാതി, വരുമാനം എന്നിവ ബാധകമല്ല. തുകൽ ഉരിക്കൽ, തുകൽ ഊറക്കിടൽ പാഴ് വസ്തുക്കൾ പെറുക്കി വിൽക്കൽ, വെയ്സ്റ്റ് നീക്കം ചെയ്യുന്ന പ്രവൃത്തിയിൽ ഏർപ്പെടുത്തുന്നവർ എന്നിവരുടെ ആശ്രിതരാണെന്ന് ബന്ധപ്പെട്ട മുനിസിപ്പാലിറ്റി,പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നുള്ള സാക്ഷ്യപത്രം സഹിതം സ്കൂൾ മേധാവി വഴി ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ആഫീസർക്ക് നവംബർ 15 നകം അപേക്ഷ നൽകണം. അപേക്ഷയൊടൊപ്പം വിദ്യാർത്ഥിയുടെ ബാങ്ക് പാസ് ബുക്ക്, ആധാർ കാർഡ് എന്നിവയുടെ പകർപ്പും ഉള്ളടക്കം ചെയ്യണം.

(അവസാനിച്ചു)